ഓർമ്മ

# സുരേന്ദ്രമോഹൻ

## ഒരു സോഷ്യലിസ്റ്റ് യുഗത്തിന്റെ അന്ത്യം



ഇന്ന് രാവിലെ സുരേന്ദ്രമോഹൻജി അന്ത്യശ്വാസം വലിച്ചു. പ്രഭാഷ്ജോഷിജി, എൽ.സി. ജയിൻ സാഹേബ്, ശാന്തതൂഫാനി(മാതാജി), തുടങ്ങിയ സമകാലീകരുടെ വിയോഗത്തിൽ ആകുലരായിരിക്കുമ്പോഴാണ് 2010 മറ്റൊരു ആഘാതം സ്വാതന്ത്ര്യ- ജനായത്ത- മൂല്യപ്രസ്ഥാനങ്ങൾക്ക് ഏൽപ്പിച്ചത്. വേരുകൾ മറന്ന സമകാലീകരായ പല സോഷ്യലിസ്റ്റ് മുഖ്യധാരാ സഖാക്കളുടെ ഇടയിൽ തലയുയർത്തി നിൽക്കുന്നു അദ്ദേഹം. ഒരു രാഷ്ട്രീയ നേതാവ് മാത്രമല്ല, കർഷകരുടെയും തൊഴിലാളികളുടെയും ദളിതരുടെയും ആദിവാസികളുടെയും പ്രശ്നങ്ങളോട് പ്രതിബദ്ധത പുലർത്തിയിരുന്ന സമരസേനാനി കൂടിയായിരുന്നു. ജനകീയ സമരങ്ങളോട് ചേർന്നു നിന്നയാൾ. രാഷ്ട്രീയ നിലപാടുകളുടെ വരുംവരായ്കകളെ വിലവയ്ക്കാതിരുന്നതിനാൽ അടിയന്തിരാവസ്ഥക്കാലത്തും പിന്നീട് പലപ്പോഴും ജയിൽവാസമനുഭവിക്കേണ്ടിവന്നു. നർമ്മദവാലിയിൽ മുങ്ങിപ്പോകാൻ വിധിക്കപ്പെട്ടവർക്ക് വേണ്ടി 3 ദിവസത്തെ നിരാഹാര സത്യാഗ്രഹം അനുഷ്ഠിച്ചു. പാർലമെന്ററി ജനാധിപത്യ മര്യാദകളും ജനകീയ സമരങ്ങളും തുലനം ചെയ്തുകൊണ്ട് പോവാൻ അദ്ദേഹത്തിന് സാധിച്ചു. പാർട്ടിയിൽ നിന്ന് ഔദ്യോഗികമായി വിട്ടുപോകാതെ സാമൂഹ്യസമരങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടും സമാനചിന്താഗതിക്കാരുടെ ഏകീകരണ പ്രക്രിയയെ പ്രോത്സാഹിപ്പിച്ചും പ്രവർത്തന നിരതനായി. 90 കളിൽ നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റ് രൂപപ്പെട്ട് വരവേ, കിഷൻ പട്നായിക്കിനെപ്പോലുള്ളവർക്കൊപ്പം അദ്ദേഹം നമ്മെ പ്രായോഗിക കൗശലത്തോടെയും ദീർഘവീക്ഷണത്തോടെയും നയിച്ചു. ഈയടുത്തകാലത്ത് ഹിന്ദ്മസ്ദൂർസഭയും ഹിന്ദ് മസ്ദൂർ കിസാൻ പഞ്ചായത്തും സംയുക്തമായി നടത്തിയ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു. സ്കൂൾ-കോളേജ് അധ്യാപകൻ, സംരംഭകൻ, പരിസ്ഥിതി പ്രവർത്തകൻ, തൊഴിലാളി നേതാവ്, രാഷ്ട്രീയലേഖകൻ, മനുഷ്യാവകാശ പ്രവർത്തകൻ, ഖാദി വ്യവസായ കോർപ്പറേഷൻ സാരഥി, പാർലമെന്റേറിയൻ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തിക്കുകയും എല്ലാറ്റിലും വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു. ഗാന്ധിയൻ ആശയങ്ങളിലും സോഷ്യലിസ്റ്റ് ചിന്തകളിലും അദ്ദേഹത്തിനുണ്ടായ സത്യസന്ധമായ സമർപ്പണം എന്നും ഓർമ്മിക്കപ്പെടും. അവസാനദിവസം വരെ അദ്ദേഹം സമരങ്ങളിൽ അണി ചേരാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും സ്വയം പങ്കെടുക്കുകയും സമകാലീകങ്ങളിൽ എഴുതുകയും ചെയ്തു. ഞങ്ങൾ അദ്ദേഹത്തിന്റെ ആത്മാവിന് വേണ്ടി പ്രാർത്ഥിക്കുന്നു. മനുമോഹൻജിക്കും കുടുംബത്തിലെ മറ്റുള്ളവർക്കും മെച്ചപ്പെട്ട മറ്റൊരു ലോകത്തിന് വേണ്ടിയുള്ള സംയുക്തസമരത്തിന് ശക്തി നേരുകയും ചെയ്യുന്നു. സമരം ജയിക്കട്ടെ.

**മേധാപട്കറും നർമ്മദ ബജാവോ ആന്ദോളനും, അരുണാറോയ്, മസ്ദൂർ കിസാൻ ശക്തിസംഘടന, പ്രഫുല്ല സാമന്തറ, ഗീത രാമകൃഷ്ണൻ, വിജയ ചൗഹാൻ( നർമ്മദ നവനിർമ്മാൺ അഭിയാൻ), എസ്.ആർ. സുനിതി, രാജേന്ദ്രരവി, ഭൂപേന്ദ്രസിങ് റാവത്ത്, അജിത് ഝാ, വിജയൻ എ.ജെ, ജോ അതിയാലി, മുദ്രേഷ്കുമാർ, എൻ.എ.പി.എമ്മിലെ മറ്റുള്ളവരും.**